(സി) ഇതുമൂലം തടാകത്തിലെ ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പൂക്കോട് തടാകത്തിലെ പായൽ വേരടക്കം പറിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്രത്തിലെ നവീകരണ പ്രവൃത്തികൾക്കായി 2,97,69,073 (രണ്ടുകോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിരുന്നു. കിറ്റ്കോ മുഖാന്തിരം നടപ്പാക്കാൻ ഉത്തരവായ മേൽ പ്രവൃത്തികൾക്കെതിരെ പരിസ്ഥിതി സംഘടനകൾ ഹൈക്കോടതിയിൽ 18530/11 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിലേക്ക് കൈമാറുകയുമുണ്ടായി. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭാഗികമായി ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ട്.

(ഡി) പായൽ നീക്കം ചെയ്യുന്നതിന് പത്രപരസ്യം നൽകി ക്വട്ടേഷനുകൾ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ

326 (2882) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളെയാണ് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആയി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) 1-7-2011 മുതൽ31-10-2014 വരെ എത്ര ആളുകൾ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സന്ദർശിച്ചു ;വിശദാംശം ലഭ്യമാക്കാമോ ;

(സി) മലമ്പുഴ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ മോടിപിടിപ്പിക്കുന്നതിനും മറ്റുമായി 1-7-2011 മുതൽ 31-10-2014 വരെ എത്ര തുക ചെലവഴിച്ചു ; ഓരോ കേന്ദ്രത്തിന്റെയും തുകയുടെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡെസ്റ്റിനേഷൻ കേരള സ്കീമിൽ പാലക്കാട് ജില്ലയിലെ പറമ്പിക്കുളം, നെല്ലിയാമ്പതി, മലമ്പുഴ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായ മലമ്പുഴ, നെല്ലിയാമ്പതി, പറമ്പിക്കുളം എന്നിവിടങ്ങളിൽ സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

സ്ഥലം	2011	2012	2013	2014
മലമ്പുഴ	75127	135236	143248	2014-ലെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്
നെല്ലിയാമ്പതി	21524	19048	20596	
പറമ്പിക്കുളം	52851	32171	52370	

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കാസർഗോഡ് ബി.ആർ.ഡി.സി.യുടെ ഗവേണിംഗ് ബോഡി

327 (2883) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ (BRDC) ഗവേണിംഗ് ബോഡിയിൽ നിലവിൽ ആരൊക്കെയാണുള്ളതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഗവേണിംഗ് ബോഡിയിൽ ബേക്കൽ ഡെസ്റ്റിനേഷൻ പരിധിയിൽ വരുന്ന എം.എൽ.എ. മാരേയും ത്രിതല പഞ്ചായത്ത് അദ്ധ്യക്ഷരേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.